മറ്റ് വകുപ്പുകളും അവിടെ പ്രവർത്തിക്കുന്നുവെന്ന പരാതി കിട്ടിയിട്ടുണ്ട്. അത് മാറ്റാനും ഇന്ന് നിലവിലുള്ള വ്യവസ്ഥയ്ക്ക് വിധേയമായി പ്രവർത്തിക്കാനും ആവശ്യമായ മറ്റ് നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(5) ദേവികുളം നിയോജകമണ്ഡലത്തിൽ കോളേജ് വേണമെന്ന ആവശ്യം

ശ്രീ. ജി. വരദൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽ തമിഴ് സംസാരിക്കുന്ന എതാണ്ട് എൺപത് ശതമാനം ആളുകൾ ഉണ്ട്. അവിടെയുള്ള കുട്ടികൾ പത്താം ക്ലാസ് കഴിഞ്ഞാൽ അന്യ സംസ്ഥാനങ്ങളിൽപോയി വേണം ഉയർന്ന വിദ്യാഭ്യാസം നടത്താൻ. അതുകൊണ്ട് മൂന്നാറിൽ ഒരു കോളേജ് സ്ഥാപിക്കാൻവേണ്ടി നാട്ടുകാരെല്ലാവരുംകൂടി പതിനഞ്ച് ഏക്കർ സ്ഥലവും അഞ്ച് ലക്ഷം രൂപയും സൗജന്യമായി കൊടുക്കാൻ തീരുമാനിച്ചിട്ട് രണ്ടുമൂന്ന് കൊല്ലമായി, മൂന്നാറിൽ ഒരു കോളേജ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. അടിമാലിയിൽ ഒരു കോളേജ് വേണം. അതു സംബന്ധിച്ച് ഗവൺമെന്റിന് തർക്കമുണ്ട്. ഇത് ന്യൂനപക്ഷത്തിന്റെ അവകാശമാണ്. അതുകൊണ്ട് അടിയന്തിരമായി ഈ കൊല്ലംതന്നെ ഒരു കോളേജ് അനുവദിക്കണമെന്ന് മുഖ്യമന്ത്രിയോടും വിദ്യാഭ്യാസമന്ത്രിയോടും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്ബ്) : ഇടുക്കി ജില്ലയിൽ ഇപ്പോൾ ഒരു ഗവൺമെന്റ് കോളേജ് അടക്കം അഞ്ച് കോളേജുകളുണ്ട്. ഈ വർഷം ഗാന്ധിജി യൂണിവേഴ്സിറ്റി രണ്ട് ഗവൺമെന്റ് കോളേജിനും ആറ് പ്രൈവറ്റ് കോളേജുകൾക്കും ശുപാർശ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് കോളേജ് മൂന്നാറും പീരുമേടും ആണ്. ഈ കാര്യത്തിൽ ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. പുതിയ കോളേജുകളും കോഴ്സുകളും കൊടുക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുന്ന അവസരത്തിൽ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(6) വെള്ളൂർ റെയിൽവേ പാലത്തിനടുത്ത് ഫുട്ട് ബ്രിഡ്ജ് വേണമെന്ന ആവശ്യം

ശ്രീ. എം. കെ. കേശവൻ : മൂന്നുവർഷംമുമ്പ് വേണാട് എക്സ്പ്രസ്സ് മുട്ടി പതിനൊന്നുപേർ മരിച്ച സംഭവം വൈക്കത്ത് വെള്ളൂർ റെയിൽവേ പാലത്തിൽവച്ച് ഉണ്ടായിട്ടുണ്ട്. രണ്ടായിരത്തോളം ജീവനക്കാർക്കും ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കും ദിവസവും യാത്രചെയ്യാൻ വേറെ ഒരു മാർഗ്ഗവുമില്ല. അവിടെ ഒരു ഫുഡ് ബ്രിഡ്ജ് പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനങ്ങൾ പ്രക്ഷോഭണം നടത്തിയപ്പോൾ അന്നത്തെ ഗവൺമെന്റ് അതിനുവേണ്ടി സെന്റേജ് ചാർജായി 14 ആയിരം രൂപ കെട്ടിവച്ചതാണ്. അന്ന് പറഞ്ഞ മറുപടി ആലുവായിലെ ഫുട്ട്ബ്രിഡ്ജിന്റെ പണി കഴിഞ്ഞാൽ ഈ പണി തുടങ്ങാമെന്നാണ്. ഇതുവരെ അതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ ഫുട്ട്ബ്രിഡ്ജ് പണിയാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly